പതിമൂന്നാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3005 15/02/2013 ൽ മറുപടിയ്ക്ക്

## വില്ലേജ് ആഫീസുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

| ചോദ്യം<br>ശ്രീ. കെ.എൻ.എ. ഖാദർ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) ദിവസേന ഏറ്റവും കൂടുതൽ ജനങ്ങൾ കയറിയിറങ്ങുന്ന വില്ലേജ് ആഫീസുകളിൽ പൊതുജനങ്ങൾക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;<br>(ബി) വില്ലേജാഫീസുകൾ പുനരുദ്ധീകരിക്കുന്നതിനുള്ള നടപടി ഏതുവരെയായി ; | (എ) &(ബി)<br>സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജന സൗഹൃദ ഓഫീസുകളാക്കി മാറ്റി അവിടെ നിന്നുള്ള സേവനങ്ങൾ വേഗത്തിലും ഏതു സമയത്തും , ലഭ്യമാക്കുന്നതിന് ഇ-ഗവേണൻസിന്റെ സഹായത്തോടെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്നതിന് നടപടികളെടുത്ത് വരികയാണ് |
| (സി) ശമ്പള കമ്മീഷൻ ശുപാർശ ചെയ്ത എല്ലാ വില്ലേജാഫീസുകളിലും ഒരു വില്ലേജ് അസിസ്റ്റന്റിനെകൂടി നിയമിക്കുന്നതിനുള്ള ശുപാർശ നടപ്പിലാക്കുമോ ; | (സി) ഈക്കാര്യം പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | റവന്യൂ ആഫീസുകളിലെ റവന്യൂ റിക്കാർഡുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്ന നടപടി ഏതുവരെയായെന്ന് വിശദീകരിക്കാമോ ? | (ഡി) | സംസ്ഥാനത്തെ 9 ജില്ലകളിലെ റീസർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിലെ ബി.റ്റി.ആർ എൻട്രികൾ പൂർണ്ണമായും, തണ്ടപ്പേർ എൻട്രികൾ യുദ്ധകാല അടിസ്ഥാനത്തിലും കമ്പ്യൂട്ടറൈസ് ചെയ്തു വരുന്നു. ഓൺലൈനായി പോക്കുവരവ് ചെയ്യുന്നതിനു ReLIS എന്ന പ്രോഗ്രാം പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തി വരുന്നു. പ്രസ്തുത പരിപാടി റീ-സർവ്വേ പൂർത്തീകരിച്ച എല്ലാ വില്ലേജുകളിലും നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**